**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 495** **05-10-2021 - ൽ മറുപടിയ്ക്ക്**

**പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം, കേന്ദ്ര വിഹിതം എത്രയൊക്കെയാണെന്നറിയിക്കുമോ; | (എ) | സാമ്പത്തിക വർഷം 2016-17 മുതൽ 2020-21 വരെ പദ്ധതിയിനത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയ തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രവിഹിതമായി വകയിരുത്തിയ തുക, ചെലവഴിച്ച തുകകൾ എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ സാമ്പത്തിക വർഷവും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക വർഷം 2016-17 മുതൽ 2020-21 വരെ പദ്ധതിയിനത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയ തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രവിഹിതമായി വകയിരുത്തിയ തുക, ചെലവഴിച്ച തുകകൾ എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ? | (സി) | 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനം നിരവധി പ്രതിസന്ധികൾ നേരിട്ടത് കണക്കിലെടുക്കുമ്പോൾ, പ്രസ്തുത കാലയളവിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. 2016-ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനം, 2017-ലെ ഓഖി ദുരന്തം, 2018-ലെ നിപ്പാ വൈറസ് വ്യാപനം, തൻവർഷത്തെ മഹാപ്രളയം, 2019 - ലെ ഉരുൾപൊട്ടൽ, 2020-ൽ തുടങ്ങി ഇപ്പോഴും തുടരുന്ന കോവിഡ് എന്ന മഹാമാരി എന്നിവ സൃഷ്ടിച്ച ആഘാതം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി മറികടക്കാൻ സർക്കാർ ആവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചതുമൂലമാണ് മേൽ പുരോഗതി കൈവരിക്കാൻ സാധിച്ചത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക കോടിയിൽ)

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് |
| **സംസ്ഥാന പദ്ധതി വിഹിതം** | 18500.00 | 13870.90 | 20272.50 | 17800.53 ** | 22150.00 | 16444.24 | 23110.00 | 17538.66 | 20452.00 | 24487.72* |
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ** | 5500.00 | 2765.11 | 6227.50 | 5299.45 | 7000.00 | 5739.38 | 7500.00 | 4036.55 | 7158.00 | 6927.82 |
| **കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലെ കേന്ദ്രവിഹിതം** | 6534.17 | 2658.06 | 8038.95 | 5355.14** | 8097.99 | 3577.91 | 9172.17 | 3228.40 | 9176.33 | 5476.60 |
| **ആകെ** | **30534.17** | **19294.07** | **34538.95** | **28455.11** | **37247.99** | **25761.53** | **39782.17** | **24803.61** | **36786.33** | **36892.14** |

*ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതി പരിപാടികളിൽ വന്ന വർദ്ധിച്ച ചെലവിനു പുറമെ കിഫ്ബി വഴി പദ്ധതിയേതര ഇനത്തിൽ ചെലവഴിക്കുകയും പദ്ധതിയിനത്തിൽ തരംതിരിക്കപ്പെട്ടതുമായ 1633.85 കോടി, മുൻ വർഷങ്ങളിൽ ട്രഷറി സേവിങ്ങ്സ് അക്കൌണ്ടുകളിൽ നിന്നും സർക്കാർ തിരിച്ചു പിടിച്ച 2492.50 കോടി രൂപ തിരികെ നൽകിയത് എന്നിവ ഉൾപ്പെടുന്നു.

**പദ്ധതിയിൽ വകയിരുത്തിയതിൻ പ്രകാരം MGNREGA പദ്ധതി വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നൽകിയത് ഉൾപ്പെടെ.

Rani S